# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]

***

*13.01.2021 ബുധനാഴ്ച പകൽ 3 മണിയ്ക്ക്*

*വൈസ് ചെയർമാൻ ശ്രീ.എസ്.രാജേന്ദ്രൻ അവർകളുടെ*

*അധ്യക്ഷതയിൽ ചേർന്ന*

*10-ാമത് ഓൺലൈൻ ഗവേർണിംഗ് ബോഡി യോഗത്തിന്റെ*

# മിനിട്ട്സ്

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ,13.01.2021-ന് ഓൺലൈനായി ചേർന്ന, 10-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള യുടെ 10-ാമത് ഗവേർണിംഗ് ബോഡിയോഗം 13.01.2021-ന് ഓൺലൈനായി ബഹു.ചെയർമാൻ ശ്രീ. പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്സ്, സെക്രട്ടറി, ജലവിഭവവകുപ്പിന്റെ നിർദ്ദേശാനുസരണം ബഹു. വൈസ് ചെയർമാൻ ശ്രീ. എസ്സ്.രാജേന്ദ്രന്റെ അദ്ധ്യക്ഷതയിൽ 3 മണിക്ക് ആരംഭിച്ചു. സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനെ തുടർന്ന് ഗവേർണിംഗ് ബോഡി അംഗവും സംസ്ഥാന ലോക്കൽ ഗവൺമെന്റ് കമ്മീഷൻ അംഗവുമായ ഡോ.എൻ. രമാകാന്തിന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ തുടരുന്നതിന് ബഹു. വൈസ് ചെയർമാൻ നിർദ്ദേശിച്ചു. യോഗത്തിൽ, ഗവേർണിംഗ് ബോഡി അംഗ ങ്ങളായ ഡയറക്ടർ (ഇൻചാർജ്ജ്) ശ്രീ.ഇ. ശ്രീകുമാറും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പ്രതിനിധി ശ്രീ. ബിജുക്കുട്ടൻ എം.എസ്സ്. അഡീഷണൽ സെക്രട്ടറിയും യോഗ ത്തിൽ നേരിട്ട് ഹാജരായി. മറ്റ് 7 അംഗങ്ങൾ ഓൺലൈനായും പങ്കെടുത്തു. (ഹാജർ അന്യത്ര ചേർത്തിട്ടുണ്ട്).

അദ്ധ്യക്ഷന്റെ ആമുഖ പ്രസംഗത്തിനുശേഷം, നിർദ്ദേശാനുസരണം, ഡയറക്ടർ അജണ്ട ഇനങ്ങൾ ക്രമപ്രകാരം വായിച്ച് അവതരിപ്പിച്ചു.

ചർച്ചകൾക്ക്ശേഷം കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ;

(1) ഓഡിറ്റിംഗ് സ്റ്റാൻഡേഡ്സിന്റെ മലയാള പരിഭാഷ തയ്യാറാക്കിയ വകയിൽ ഓറഞ്ച് പ്രിന്റേഴ്സിന് കളർ പേജുകൾ തയ്യാറാക്കിയ വകയിൽ (ക്വട്ടേഷനിൽ ബ്ലാക്ക് ആന്റ് വൈറ്റിനാണ് നൽകിയിരുന്നത് എന്നതിനാൽ) അധികമായി ആവശ്യപ്പെട്ടിരുന്ന രൂപ.7000/-(ഏഴായിരം രൂപ) നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

(2) കൈപുസ്തകത്തിന്റെ (SOP- മലയാള പരിഭാഷ) ഔദ്യോഗിക പ്രകാശനവും തീയതിയും ബഹു. ചെയർമാന്റെ കൂടി അഭിപ്രായം കണക്കിലെടുത്ത് പിന്നാലെ തീരുമാനിക്കാവുന്നതാണെന്നും തീരുമാനിച്ചു.

(3) ഔദ്യോഗിക പ്രകാശനത്തിനുശേഷം കൈപുസ്തത്തിന്റെ സോഫ്റ്റ്കോപ്പി സോഷ്യൽ ഓഡിറ്റിന്റെ വെബ് സൈറ്റിൽ ഇടുന്നതിന് തീരുമാനിച്ചു.

(4) തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് പ്രകിയ പൂർത്തീകരിച്ച സാഹചര്യത്തിൽ ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും ഒഴിവുകൾ നികത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

(5) ജില്ല/ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ നിയമനകാര്യത്തിൽ AMC 2020-2021-ൽ പരാമർശിക്കുന്ന വ്യവസ്ഥകൾ പ്രകാരം നടപടി കൈക്കൊള്ളേണ്ടതാണെന്ന് തീരുമാനിച്ചു.

(6) സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ ഇപ്പോൾ നടത്തി വരുന്ന ജില്ലാതല യോഗങ്ങൾ തുടരുന്നതിനും അവലോകനം ജില്ലാതലത്തിൽ ഉൾപ്പടെ കൂടുതൽ ശക്തമാക്കുന്നതിനും തീരുമാനിച്ചു. ജില്ലാതല റിവ്യൂ മീറ്റിംങ്ങുകളിൽ ഗവേർണിംഗ് ബോഡി അംഗങ്ങളെ സൗകര്യമനുസരിച്ചു പങ്കെടുപ്പിക്കാൻ അറിയിപ്പ് കൊടുക്കുന്നതിനും തീരുമാനിച്ചു.

(7) റിസോഴ്സ് പേഴ്സൺമാരുടെ പ്രവൃത്തിദിനങ്ങളും അവർ തയ്യാറാക്കുന്ന സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളും തമ്മിലുള്ള അനുപാതം വേതനവിതരണ സമയത്ത് തുടർന്നും കർശനമായി നിരീക്ഷിക്കണമെന്ന് തീരുമാനിച്ചു.

(8) സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ടിന്റെ അദ്ധ്യക്ഷതയിൽ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് അജണ്ട 7-ആയി ഉൾപ്പെടുത്തിയത് അടുത്ത യോഗത്തിലേക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചു.

(9) ഡി.ആർ.പി.മാർക്കും ബി.ആർ.പിമാർക്കും കിലയുടെ ആഭിമുഖ്യത്തിൽ ആസൂത്രണം ചെയ്യുന്ന പരിശീലനപരിപാടി സംബന്ധിച്ച് കൈക്കൊണ്ട നടപടി യോഗം അംഗീകരിച്ച് തുടർനടപടികൾ കില ഡയറക്ടറുമായി കൂടിയാലോചിച്ച് നടപ്പിലാക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

(10) എം.ജി.എൻ.ആർ.ഇ.ജി.എ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി MoA (ബൈലോ) ഭേദഗതി 9-ാമത് ഗവേർണിംഗ് ബോഡിയുടെ 21-ാം തീരുമാനമായി അംഗീകരിച്ചത് സർക്കാരിലേക്ക് അറിയിച്ചത്, ത.സ്വ.ഭ.വകുപ്പിന്റെ 12.01.2021-ലെ ഡിഡി2/340/2019/ത.സ്വ.ഭ.വ കത്ത് പ്രകാരം അംഗീകരിച്ച വിവരം ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഭേദഗതിയോട് കൂടെ അംഗീകരിച്ച MoA ജില്ലാ രജിസ്ട്രാർക്ക് നൽകാനായി ഡയറക്ടറെ ചുമതലപ്പെടുത്തി.

(11) സോഷ്യൽ ഓഡിറ്റിനെ സംബന്ധിച്ച കരട് വർക്കിംഗ് പേപ്പർ അജണ്ട 5-ാം ഇനമായി സമർപ്പിച്ചത് ചർച്ച ചെയ്യുകയും വർക്കിംഗ് പേപ്പർ തയ്യാറാക്കുന്നതിനുള്ള ചുമതല എക്സ്റ്റേണൽ എക്സ്പെർട്ട്സിനെ ഏൽപ്പിക്കുന്നതിനും CDS, Trivandrum Centre for Policy Studies, Ernakulam Centre for Social Economic Change Ernakulam or Centre for Rural Management Kottayam ഈ സ്താപനങ്ങളുടെ സഹായം തേടുന്നതിനും തീരുമാനിച്ചു.

(12) കൺകറന്റ് സോഷ്യൽ ഓഡിറ്റ് പ്രക്രിയ പുരോഗതി റിപ്പോർട്ട് (22.06.2020 മുതൽ 15.12.2020 വരെയുള്ളത്) ചർച്ച ചെയ്ത് അംഗീകരിച്ചു.

(13) പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ/ബ്ലോക്ക് അദ്ധ്യക്ഷൻമാർക്കുള്ള സോഷ്യൽ ഓഡിറ്റിനെ സംബന്ധിച്ച പരിശീലനം സംസ്ഥാന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷന്റെ നേതൃത്വത്തിൽ നൽകുന്ന പരിശീലനത്തോടൊപ്പം നൽകുന്നതിന് മിഷൻ ഡയറക്ടർക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

(14) 01.10.2020 മുതൽ 31.12.2020 വരെയുള്ള വരവ്-ചെലവ് കണക്ക് അംഗീകരിച്ചു.

(15) 01.04.2020 മുതൽ 31.10.2020 വരെയുള്ള പ്രൊവിഷണൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഡയറക്ടർ സമർപ്പിച്ചത് ചർച്ച ചെയ്ത് അംഗീകരിച്ചു.

(16) കേന്ദ്ര സർക്കാരിൽ നിന്നും അടുത്ത ഗഡു ഫണ്ട് ലഭിക്കുന്നതിനുള്ള പ്രപ്പോസൽ തയ്യാറാക്കിയത് റിപ്പോർട്ട് ചെയ്തതിൽ കാലവിളംബം ഒഴിവാക്കുന്നതിനായി ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഇടപെടൽ കൂടി ഉണ്ടാവുന്നതിന് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ തുടർനടപടി കൈക്കൊള്ളുന്നതാണെന്ന് അഡീഷണൽ സെക്രട്ടറി ഉറപ്പ് നൽകി.

(17) ചാർട്ടേഡ് അക്കൗണ്ടന്റിന്റെ 2019-2020-ലെ ഓഡിറ്റ് റിപ്പോർട്ട് അടുത്ത ഗവേർണിംഗ് ബോഡി യോഗത്തിലേയ്ക്ക് മാറ്റിവച്ച് തീരുമാനിച്ചു.

(18) സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റിന്റെയും (04.12.2020 മുതൽ) സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ടിന്റെയും (08.12.2020 മുതൽ) കരാർ കാലാവധി 2020-21 വരെ (ഒരു വർഷം) ചെയർമാൻ ദീർഘിപ്പിച്ചു നൽകിയ നടപടി സാധൂകരിച്ചു.

(19) സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഡയറക്ടറുടെ പൂർണ്ണ ചുമതലയും അധികാരങ്ങളും 28.02.2020 മുതൽ നാളിതുവരെ നിർവ്വഹിച്ചു പോരുന്ന ശ്രീ. ഇ.ശ്രീകുമാർ, എസ്സ്.ഡി.എസ്സിന്റെ അലവൻസിനായുള്ള അപേക്ഷ അനുവദനീയമാണെന്ന് വിലയിരുത്തി. എന്നിരുന്നാലും, ബഹു. ചെയർമാനും കൂടി സന്നിഹിതനാവുന്ന യോഗത്തിലേക്ക് ടി വിഷയം മാറ്റിവെയ്ക്കാൻ തീരുമാനിച്ചു.

(20) സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഇപ്പോൾ നല്ല നിലയിൽ ഏകോപിപ്പിച്ച് നടത്തുന്നതിന് പരിശ്രമിക്കുന്ന ശ്രീ.ഇ.ശ്രീകുമാർ ഡയറക്ടർക്ക് (ഇൻചാർജ്ജ്) അഭിനന്ദനം രേഖപ്പെടുത്തി. കൂട്ടായ പരിശ്രമത്തിന്റെയും ലഭിക്കുന്ന പിൻതുണയുടെയും ഫലമാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി കൊണ്ട് പോകുന്നതിന് പ്രചോദനവും വഴിയൊരുക്കുന്നതെന്നും ഡയറക്ടർ (ഇൻചാർജ്ജ്) അഭിപ്രായപ്പെട്ടു.

(21) വില്ലേജ് റിസോഴ്സ് പേഴ്സൺസ്മാരുടെ തെരഞ്ഞെടുപ്പ് AMC 2020-2021-ൽ പരാമർശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

(22) സോഷ്യൽ ഓഡിറ്റ് പ്രവർത്തനം എല്ലാ വാർഡുകളിലും വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ദുർഘടപ്രദേശങ്ങളിലും യാത്രാസൗകര്യം തീരെ കുറഞ്ഞ പ്രദേശങ്ങളിലും എത്തിപ്പെടുന്നതിനായി പ്രത്യേക പരിഗണന നൽകുന്നതിനായി ഡി.ആർ.പിമാർ സമർപ്പിച്ച പ്രൊപ്പോസലുകൾ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. തദവസരത്തിൽ, ഇതിനായി മാനദണ്ഡം തയ്യാറാക്കി അടുത്ത ഗവേർണിംഗ് ബോഡിയിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

(23) കേന്ദ്ര സർക്കാർ നിർദ്ദേശത്തെതുടർന്ന് സമയബന്ധിതമായി ഡയറക്ടർ സമർപ്പിച്ച സോഷ്യൽ ഓഡിറ്റ് അസെസ്സ്മെന്റ് ഇൻഡക്സിന്റെ വിശദാംശങ്ങൾ അടുത്ത ഗവേർണിംഗ് ബോഡിയിൽ സമർപ്പിക്കാൻ ഡയറക്ടറോട് നിർദ്ദേശിച്ചു.

യോഗം 4.50-ന് അവസാനിച്ചു.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

ഒപ്പ്
ഡോ. എൻ.രമാകാന്തൻ
ലോക്കൽ ഗവൺമെന്റ് കമ്മീഷൻ അംഗം
&
ഗവേർണിംഗ് ബോഡി അംഗം, എസ്.എ.യു.കേരള

എസ്.രാജേന്ദ്രൻ
വൈസ് ചെയർപേഴ്സൺ
ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള

<u>ഹാജർനില</u>

1. ശ്രീ. ഇ.ശ്രീകുമാർ, ഡയറക്ടർ(ഇൻചാർജ്ജ്) (എസ്.എ.യു. കേരള)
2. ശ്രീ. ബിജുക്കുട്ടൻ എം.എസ് (അഡീഷണൽ ത.സ്വ.ഭ.വ)

**ഓൺലൈനിൽ പങ്കെടുത്തവർ**

3. ശ്രീ. എസ്.രാജേന്ദ്രൻ, വൈസ് ചെയർപേഴ്സൺ, ഗവേർണിംഗ് ബോഡി
4. ഡോ. എൻ. രമാകാന്തൻ, മെമ്പർ ഗവേർണിംഗ് ബോഡി
5. ശ്രീമതി. പി. തങ്കം ടീച്ചർ, മെമ്പർ ഗവേർണിംഗ് ബോഡി.
6. ശ്രീമതി. ഗിരിജ സുരേന്ദ്രൻ, മെമ്പർ ഗവേർണിംഗ് ബോഡി.
7. ശ്രീ. സുഭാഷ്കുമാർ., സാമൂഹ്യനീതി വകുപ്പ്
8. ശ്രീ. അനീഷ്.ഡി, സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ
9. ശ്രീ. അരുൺ.പി. രാജൻ (പ്രോഗ്രാം മാനേജർ,കുടുംബശ്രീ)